**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 699.** **28.09.2016 ന് മറുപടിയ്ക്ക്**

**കഞ്ചാവിന്റെയും അനധികൃത പുകയില ഉത്പന്നങ്ങളുടെയും വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | കഞ്ചാവ്, മറ്റ് അനധികൃത പുകയില ഉത്പന്നങ്ങൾ എന്നിവ വിപണനം ചെയ്യുന്നവർക്കെതിരെ അബ്കാരി നിയമപ്രകാരം എടുക്കുന്ന കേസുകളുടെ എണ്ണം കൂടി വരുന്ന സ്ഥിതി വിശേഷം നിലവിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം കേസുകളിൽ പിടിക്കപ്പെടുന്നവർക്ക് തക്കതായ ശിക്ഷ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ എന്താണ് ഈ സ്ഥിതി വിശേഷത്തിന് കാരണമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; | (ബി) | ഉണ്ട്. കഞ്ചാവ്, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം മുതലായവയുമായി ബന്ധപ്പെട്ട് കേസിൽ പിടിയിലാകുന്നവർക്കെതിരായി നിലവിലുള്ള എൻ.ഡി.പി.എസ്. നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ആയതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതും ആയത് ശരിയായി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നുമുണ്ട്. എന്നാൽ എൻ.ഡി.പി.എസ്. നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതി |

| | | | |
|---|---|---|---|
| | | | യിൽ ഹാജരാക്കുമ്പോൾ തന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണ് നിലവിലുള്ളത്. |
| (സി) | കേന്ദ്ര അബ്കാരി നിയമത്തിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഭേദഗതി ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | ഉണ്ട്. കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ വിപണനം ചെയ്യുന്നവർക്കെതിരായി കേന്ദ്ര നിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985 പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. നിലവിലെ എൻ.ഡി.പി.എസ് നിയമപ്രകാരം 999 ഗ്രാം വരെ കഞ്ചാവ് കൈവശം വച്ച് കൈകാര്യം ചെയ്യുന്ന കുറ്റവാളികളെ കോടതിയിൽ ഹാജരാക്കുമ്പോൾ തന്നെ ജാമ്യം കിട്ടുന്ന നിയമ വ്യവസ്ഥയാണുള്ളത്. ഇത്തരം പ്രതികൾക്ക് ലഭിക്കാവുന്ന ശിക്ഷ 6 മാസം വരെ കഠിനതടവോ, പതിനായിരം രൂപ വരെ പിഴയോ, രണ്ടും കൂടിയോ ആണ്. ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ടി ശിക്ഷ തുലോം കുറവായതിനാൽ, കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ കേന്ദ്രനിയമമായ എൻ.ഡി.പി.എസ്. ആക്ട് 1985 ൽ ചില നിർണ്ണായക ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**